(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പ് മുഖേന നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതിയുടെ വിവരം ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു.

(സി) വകുപ്പിൽനിന്നും 2007-08 മുതൽ അനുവദിച്ച വീടുകളിൽ ഇനിയും പൂർത്തിയാകാത്തതും മുഴുവൻ ഗഡുക്കളും കൈപ്പറ്റാത്തതുമായ ഗുണഭോക്താക്കൾക്ക് അവശേഷിക്കുന്ന ഗഡുക്കൾ പുതുക്കിയ നിരക്കിന് ആനുപാതികമായി നൽകിവരുന്നു.

ഇക്കോ ടൂറിസം

291(992) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പെരുഴ പഞ്ചായത്തിലെ കോട്ടത്തലച്ചിമല, ജോസ് ഗിരി തുടങ്ങിയ പ്രദേശങ്ങൾ ഉൾപ്പെടുത്തി ഇക്കോ ടൂറിസം പദ്ധതി ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

പരിശോധിക്കുന്നതാണ്.

വിനോദസഞ്ചാര വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

292(993) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദ സഞ്ചാര വകുപ്പിൽനിന്നും തിരുർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും, ഓരോ പദ്ധതിക്കും ഇതേവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നതിന്റെ വിശദ വിവരം ലഭ്യമാക്കുമോ ?

ഉത്തരം

അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly